കാർഷിക സഹകരണ സംഘങ്ങൾ

125 (1534) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന ബ്ലോക്കുകളിൽ എത്ര കാർഷിക സഹകരണ സംഘങ്ങൾ നടപ്പു വർഷം രൂപീകരിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ബി) ഇത്തരം സംഘങ്ങൾക്ക് പലിശരഹിത വായ്പയായി നൽകുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) എത്ര കർഷകർക്ക് പലിശരഹിതവായ്പ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ ?

ഉത്തരം

(എ) വികസന ബ്ലോക്കുകളിലായി 2014-15 നടപ്പുവർഷം 36 കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	3
കൊല്ലം	9
പത്തനംതിട്ട	2
ആലപ്പുഴ	5
കോട്ടയം	4
ഇടുക്കി	3
എറണാകുളം	4
തൃശ്ശൂർ	ഇല്ല
പാലക്കാട്	ഇല്ല
മലപ്പുറം	4
കോഴിക്കോട്	2
വയനാട്	ഇല്ല
കണ്ണൂർ	ഇല്ല
കാസർഗോഡ്	ഇല്ല

(ബി&സി) കാർഷിക സഹകരണ സംഘങ്ങൾക്ക് പലിശരഹിത വായ്പ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly